**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ല - ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് - രാജീവ് ഗാന്ധി ബസ് സ്റ്റാന്റ് ഉദ്ഘാടനത്തിന്റെ ചെലവുകൾ തനതുഫണ്ടിൽനിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.109/2021/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **16/01/2021**

പരാമർശം:-1. ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ

2. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച 24/11/2020 ലെ PAN/9783/2019-G1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് കേച്ചേരി രാജീവ് ഗാന്ധി ബസ് സ്റ്റാന്റ് ഉദ്ഘാടനം 2015 മാർച്ച് 14 ന് കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ ഉമ്മൻ ചാണ്ടി നിർവ്വഹിക്കുന്നതിനായി തീരുമാനിച്ചിരുന്ന ചടങ്ങ് അന്നേ ദിവസം ഹർത്താൽ പ്രഖ്യാപിച്ചതിനാൽ നടത്തുവാൻ കഴിയാതെ പോയതിനാൽ 2015 മാർച്ച് 21 ലേക്ക് മാറ്റി വെയ്ക്കേണ്ടി വരികയും അതിനാൽ ഈ ചടങ്ങുമായി ബന്ധപ്പെട്ട് രണ്ട് തവണ പരിപാടികൾ നടത്തേണ്ടി വന്നതിനാൽ 78150/- രൂപ ചെലവ് വന്നത് അനുവദിക്കുന്നതിനായ്ി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ ഗ്രാമ പഞ്ചായത്തിലെ 2015 മാർച്ചിൽ നടന്ന കേച്ചേരി രാജീവ് ഗാന്ധി ബസ് സ്റ്റാന്റ് ഉദ്ഘാടനവുമായി ബന്ധപ്പെട്ട് 78150/- രൂപ തനതുഫണ്ടിൽനിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ചൂണ്ടൽ ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2021.01.16 16:13:09 IST
Reason: Approved